


**TUESDAY** 28-12-2021 **ചൊവ്വാഴ്ച**


# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 28/12/2021

1. ക്രിസ്തുമസ്-പുതുവത്സര സീസൺ കണക്കിലെടുത്ത് കൃഷിവകുപ്പിന് കീഴിലുള്ള വിപണികളെല്ലാം 22.12.2021 മുതൽ ജനുവരി 1 വരെ ക്രിസ്മസ് വിപണികളായി പ്രവർത്തിക്കുന്നതാണ്.

2. കേരളത്തിന്റെ ഭൂപ്രകൃതിക്കും, കൃഷിക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ വ്യാപൃതരായവരുടെ സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള നൂതന കാർഷിക യന്ത്ര നിർമാതാക്കളോ / ഗ്രൂപ്പുകളോ 2022 ജനുവരി 15 നു മുമ്പായി കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

3. ക്ഷീരവികസന വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ **തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്, കൊല്ലം ജില്ലയിലെ ഇട്ടിവ, കരീപ്ര, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, എറണാകുളം ജില്ലയിലെ കോടുവള്ളി, കോട്ടയം ജില്ലയിലെ കറുകച്ചാൽ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, വേളം, കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം, പെരളശ്ശേരി** തുടങ്ങി സംസ്ഥാനത്തെ 10 ജില്ലകളിൽ നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്ക് ksheerasree.kerala.gov.in എന്ന പോർട്ടൽ സന്ദർശിച്ച് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി **ഇന്നു** വരെ (ഡിസംബർ 28 വരെ) നീട്ടിയതായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

4. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ ഐ സി എ ആർ ധനസഹായ പ്രോജക്ടിലേക്ക് കരാർ അടിസ്ഥാനത്തിൽ റിസർച്ച് അസ്സോസിയേറ്റ് തസ്തികയിൽ നിയമനം നടത്തുന്നതിനായി **ജനുവരി 3 -നു രാവിലെ 10 മണിക്ക് വാക് ഇൻ ഇന്റർവ്യൂ** നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in/www.forestry.kau.in സന്ദർശിക്കുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380, ഗ്രാമശ്രീ** എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും റാബി 2021 സീസണിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഡിസംബർ 31** ആണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ആയതിനാൽ പദ്ധതികളിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ അവസാന തീയതിക്കുമുമ്പ് തന്നെ ഏറ്റവും അടുത്തുള്ള അക്ഷയ/സിഎസ്‌സി കേന്ദ്രങ്ങൾ, അംഗീകൃത മൈക്രോ ഇൻഷുറൻസ് ഏജന്റുകൾ എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷയോടൊപ്പം നിശ്ചിത പ്രീമിയവും ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, നികുതി/പാട്ടച്ചീട്ട് എന്നിവയുടെ കോപ്പികളും സമർപ്പിക്കേണ്ടതാണ്. കർഷകന് നേരിട്ട് ഓൺലൈനായും www.pmfby.gov.in എന്ന പോർട്ടൽ മുഖാന്തിരം ചേരാവുന്നതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്തിട്ടുള്ള കർഷകരെ അതാത് ബാങ്കുകൾക്ക് ചേർക്കാവുന്നതാണ്. ഇതിനായി കർഷകർ പ്രത്യേകം അപേക്ഷാഫോറം സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള കൃഷിഭവനുമായോ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ റീജിയണൽ ഓഫീസുമായോ **1800 –425–7064** എന്ന ടോൾ ഫ്രീ നമ്പരുമായോ ബന്ധപ്പെടേണ്ടതാണ്.

7. മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രത്തിൽ നിന്നും പച്ചക്കറി വിളകളിൽ കീട-രോഗ പ്രതിരോധത്തിനും വളർച്ച ഉത്തേജിപ്പിക്കുന്നതിനും നന്നായി പൂവിടുന്നതിനും പ്രയോഗിക്കാവുന്ന വിവിധ ജൈവ ഉത്പന്നങ്ങൾ ലഭ്യമാണ്. പൂവിടുന്നതിനും, കായ് വളർച്ച മെച്ചപ്പെടുത്തുന്നതിനും

ഉപയോഗിക്കാവുന്ന **കെ-അമിനോ, കെ-ബൂസ്റ്റർ,** കീടങ്ങളെ അകറ്റി നിർത്താൻ സഹായിക്കുന്ന **കെ-ഡോൺ,** രോഗപ്രതിരോധത്തിനു സഹായിക്കുന്ന **കെ-മാസ്ക്ക്,** എന്നീ ഉത്പന്നങ്ങൾ കർഷകർക്ക് കീടനിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബോറട്ടറിയിൽ നിന്നും വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9496764141** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

**പരിശീലന പരിപാടികൾ**

9. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കോഴി വളർത്തൽ, ആടു വളർത്തൽ, മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അവസാന തീയതി ജനുവരി 5 ആണ്.

10. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിൽ 2022 ജനുവരി മാസം 1-ാം തീയതി ആരംഭിക്കുന്ന "**ഹൈടെക് കൃഷി**" എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ (MOOC) പഠിക്കാൻ താല്പര്യമുള്ളവർ ഈ മാസം 31-നകം (ഡിസംബർ 31 നകം) പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പതിനൊന്ന് സെഷനുകളിലായി 25 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെഎയു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2022 ജനുവരി 1 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.